കാഷ്യൂ ഫാക്ടറി

15 (51) ശ്രീ. പി. ജി. പുരുഷോത്തമൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെങ്കിലും കാഷ്യൂ ഫാക്ടറി ഗവൺമെൻറ് ഏറ്റെടുത്തു നടത്തുന്നുണ്ടോ;

(ബി) കണ്ണൂർജില്ലയിലുള്ള യുണൈറഡ് കാഷ്യൂ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം പൂട്ടിയിടപ്പെട്ടിട്ട് എത്ര നാളുകളായി;

(സി) പ്രസ്തുത സ്ഥാപനം ഗവൺമെൻറ് ഏറ്റെടുത്ത് നടത്താമെന്ന് ഉറപ്പു കൊടുത്തിരുന്നുവെന്നറിയുന്നത് ശരിയാണോ;

(ഡി) പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതുവരെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ കൊടുക്കുന്നതിനുള്ള ഒരു പദ്ധതി ഗവൺമെൻറിൻെറ പരിഗണനയിലുണ്ടോ;?

ഉത്തരം

(എ) ഇല്ല.

(ബി) രണ്ടുവർഷത്തിനുമേലായി. 7-9-1967-മുതൽ പൂട്ടിയിട്ടു.

(സി) ശരിയല്ല. എന്നാൽ ഈയിടെ രൂപീകരിച്ച കാഷ്യൂ ഡെവലപ്പ്മെൻറ് കോർപ്പറേഷൻ ഈ ഫാക്ടറി ഏറ്റെടുത്തുനടത്തുന്നകാര്യം പരിഗണിച്ചുവരുകയാണ്.

(ഡി) ഇല്ല.

ബി. ഫാം കോഴ്സ്

16 (72) ശ്രീ. കെ. ജി. കുഞ്ഞുകൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും ആരോഗ്യവും മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ബി. ഫാം. കോഴ്സിൽ പ്രത്യേകം ഒരു ഡിപ്പാർട്ടുമെൻറ് ഉണ്ടോ?

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ട്?

(സി) മെഡിക്കൽ കോളേജിലുള്ള എം. ബി. ബി എസ്സിനും മറ്റു പ്രത്യേകമായ ഡിപ്പാർട്ടുമെൻറുകളും അവർക്ക് അദ്ധ്യക്ഷൻമാരും ഉണ്ടായിരിക്കുമ്പോഴും ബി. ഫാം കോഴ്സിനുമാത്രം ഡിപ്പാർട്ടുമെൻറുകളും അദ്ധ്യക്ഷൻമാരും ഇല്ലാത്തതുകൊണ്ട് അദ്ധ്യയനം കാര്യക്ഷമമായി നടക്കുന്നില്ലെന്ന് ഗവൺമെൻറിനറിയാമോ?

(ഡി) ഈ കോഴ്സിന് പ്രത്യേക ഡിപ്പാർട്ടുമെൻറ് രൂപീകരിക്കുവാനും അതിന് ഒരു അദ്ധ്യക്ഷനെ നിയമിക്കുവാനും ഉത്തരവിടുമോ?

ഉത്തരം

(എ) ആൻഡ് (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബി. ഫാർമസി കോഴ്സിന് ഇപ്പോഴും ഒരു പ്രത്യേക ഡിപ്പാർട്ടുമെൻറ് ഇല്ല. പക്ഷേ താമസിയാതെ അതിനൊരു ഡിപ്പാർട്ടുമെൻറ് രൂപീകരിക്കുന്നതാകുന്നു. ഈ ഡിപ്പാർട്ടുമെൻറിലേക്ക് ഒരു ഡയറക്ടരുടെ തസ്തിക അനുവദിച്ചിട്ടുള്ളതും അതിൽ നിയമനം താമസിയാതെ നടക്കുന്നതുമാകുന്നു.

LIBRARY ARCHIVES Kerala Legislative Assembly